DESPATCHED On... 22/06/2020

17-3-20



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: ic@kerala.nic.in

ഹർജി നമ്പർ **AP.75 *(2)/2019*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.297/*എസ്.ഐ.സി-ജി 6/19*

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ. കെ.രാജു**
**S/o കുമാരസ്വാമി**
**പാലത്തുള്ളി, പെരുവെമ്പ് പി.ഒ**
**പാലക്കാട്–678531** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
**അസിസ്റ്റന്റ് ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് ഓഫീസർ**
**താലൂക്ക് ഇൻഡസ്ട്രീസ് ഓഫീസ്**
**ചിറ്റൂർ, പാലക്കാട്**

2. **അപ്പീൽ അധികാരി ആന്റ് ജനറൽ മാനേജർ**
**ജനറൽ മാനേജർ**
**പാലക്കാട് ജില്ലാവ്യവസായ കേന്ദ്രം**
**പാലക്കാട്** } **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 25.10.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 19.11.2018 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 10.12.2018 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 26.12.2018 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 04.01.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 07.01.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 08.04.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 29.04.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 31.10.2019 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, പാലക്കാട് |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

3. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 25.10.2018 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ചിറ്റൂർ കൈത്തറി നെയ്ത്തുവ്യവസായ സഹകരണസംഘം മാഞ്ചിറ, ചിറ്റൂർ പാലക്കാട് എന്ന സംഘത്തിൽ 2014,15,16,17,18 ലെ സെപ്റ്റംബർ 30 വരെ ഓരോ മാസവും ഉൽപാദിപ്പിച്ച തുണി എത്ര, ആർക്കാണ് വിൽപന നടത്തിയതെന്നും, സംഘത്തിലെത്ര തറി പ്രവർത്തിക്കുന്നതെന്നും, ഏത് തരം തുണിയാണ് ഉല്പാദിപ്പിക്കുന്നതെന്നും, എവിടെ നിന്നാണ് നൂൽ വാങ്ങുന്നതെന്നും, ആർക്കാണ് തുണി വിൽപന നടത്തുന്നതെന്നും, സംഘത്തിൽ നെയ്ത്തിനു വരുന്ന മെമ്പർമാരുടെ പേരും മേൽവിലാസവും, ഇവർ നെയ്യുന്നതിനായി ജില്ലാവ്യവസായ കേന്ദ്രത്തിൽ നിന്നും നൽകിയ ഉത്തരവിന്റെ പകർപ്പും, റിബേറ്റ് വിൽപനകാലത്ത് 5 വർഷമായി വിറ്റത് എത്ര രൂപയുടെ തുണി എന്ന് തുടങ്ങി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്.

4. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 19.11.2018 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഇനം 1 ന് സംഘത്തിൽ 22 തറികൾ പ്രവർത്തിക്കുന്നുവെന്നും, കൈത്തറിത്തുണികളാണ് ഉൽപാദിപ്പിക്കുന്നതെന്നും ചിറ്റൂർ WICS LTD NOPH5 ന്റെ റിബേറ്റ് ക്ലെയിമുമായി ബന്ധപ്പെട്ട് ടി ഓഫീസിൽ ലഭ്യമായ റിബേറ്റ് ക്ലെയിമുകളുടെ ഓപ്പണിങ്, ക്ലോസിങ് സ്റ്റോക്ക് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് ലഭ്യമാക്കുന്നതിലേയ്ക്ക് പേജ് 1 ന് 2 രൂപ നിരക്കിൽ തുക ഒടുക്കി രസീതി ഹാജരാക്കുന്ന മുറക്ക് നൽകുന്നതാണെന്നും തുടങ്ങി 7 ഇനങ്ങൾക്കും മറുപടി നൽകുകയും ചെയ്തു.

5. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 10.12.2018 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ അറിയിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ മറുപടി നൽകിയതിൽ രേഖകൾ നൽകിയില്ലെന്നും ആയത് നൽകണമെന്നുമാണ്.

6. മേൽപ്പടി അപ്പീൽ അപേക്ഷയിൻമേൽ രണ്ടാം എതിർകക്ഷി 26.12.2018 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് ടി ഓഫിസിൽ ലഭ്യമായ വിവരങ്ങൾ എസ്.പി.ഐ.ഒ മറുപടിയായി

നൽകിയിട്ടുണ്ടെന്നും, നിശ്ചിതഫീസൊടുക്കി രേഖകൾ കൈപ്പറ്റാൻ നിർദ്ദേശം നൽകിയെങ്കിലും ആയത് അപേക്ഷകൻ പാലിച്ചിട്ടില്ലെന്നും മറ്റുമാണ്.

7. 29.04.2019 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയിലെ 1-ാമത്തെ ചോദ്യവുമായി ബന്ധപെട്ട രേഖകളൊന്നും താലൂക്ക് വ്യവസായ ഓഫീസ് ചിറ്റൂരിൽ സൂക്ഷിക്കേണ്ടതോ ലഭ്യമല്ലാത്തതോ ആണെന്നും, പകർപ്പ് ലഭിക്കുന്നതിലേയ്ക്ക് വേണ്ടി നിശ്ചിതഫീസൊടുക്കി രേഖകൾ കൈപ്പറ്റാൻ നിർദ്ദേശം നൽകിയെങ്കിലും ഹർജിക്കാരൻ ഫീസ് ഒടുക്കിയില്ലെന്നും 2 മുതൽ 7വരെയുള്ള ചോദ്യങ്ങൾക്ക് ലഭ്യമായ വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും, അപ്പീലും സമയബന്ധിതമായി തീർപ്പാക്കിയെന്നും മറ്റുമാണ്.

8. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങളിൽ ടി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ നൽകിയതായി കമ്മീഷൻ വിലയിരുത്തുന്നു. ഇനം 1 മായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് മറുപടി നൽകേണ്ടത് താലൂക്ക് വ്യവസായ ഓഫീസിൽ നിന്നല്ലെന്നും, ജില്ലാവ്യവസായ ഓഫീസിൽ നിന്നായതിനാൽ ഹിയറിംഗിന്റെ തൊട്ടടുത്ത ദിവസം തന്നെ അപേക്ഷ 6(3) പ്രകാരം കൈമാറി ജില്ലാ വ്യവസായ ഓഫീസിൽ നൽകണമെന്നും കമ്മീഷൻ നിർദ്ദേശം നൽകി.

9. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

**(ഒപ്പ്)**
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

RIGHT TO INFORMATION